# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5105 — 4/7/2012 ൽ മറുപടിക്ക്

### പോലീസ് സേനയിലെ പുന:ക്രമീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസ് സേനയിൽ ആംഡ് റിസർവ്വ് ബറ്റാലിയനും, ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചും(ലോക്കൽ പോലീസ്) തമ്മിൽ സംയോജിപ്പിച്ചുകൊണ്ട് 2010 ൽ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതുവരെയായി; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) എല്ലാ ജില്ലാ പോലീസ് മേധാവികളിൽ നിന്നും (സിറ്റി/റൂറൽ) കേരളാ സിവിൽ പോലീസിലേയ്ക്ക് പോകുന്നവരുടെ ഓപ്ഷൻ സ്വീകരിച്ചിട്ടുണ്ട്.<br>2) ഇന്റഗ്രേഷന്റെ ഭാഗമായി എ.ആർ കേഡറിൽ തുടരാൻ താൽപര്യമുള്ള ഉദ്യോഗസ്ഥർക്ക് തുടർ പ്രമോഷൻ നൽകുന്നതിനായി അവരുടെ EDP (പ്രമോഷൻ പ്രതീക്ഷിക്കുന്ന തീയതി) കണക്കാക്കുവാനുള്ള നടപടികൾ എല്ലാ റെയ്ഞ്ച് ഐ.ജിമാരും സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| | 3) ഇന്റഗ്രേഷൻ നടപ്പാക്കുന്നതിനോടനുബന്ധിച്ച് ഓരോ പോലീസ് ജില്ലയിലും ഒരു ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സ് വിംഗ് രൂപീകരിക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കി നൽകാൻ എല്ലാ സിറ്റി/റൂറൽ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>4) കെ.സി.പി യിലേയ്ക്ക് ഓപ്ഷൻ നൽകിയിട്ടുള്ള ഡയറക്ട് റിക്രൂട്ട് റിസർവ്വ് സബ് ഇൻസ്പെക്ടർ മാർക്ക് പോലീസ് സ്റ്റേഷനുകളിൽ ഒരു വർഷത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) പ്രസ്തുത സംയോജനം നടന്നാൽ ചെറുപ്പക്കാരായ പോലീസ് ഇൻസ്പെക്ടർ മാരെയും, ഓഫീസർമാരേയും ലോക്കൽ പോലീസിൽ ലഭിക്കുമെന്നും ഇത് സേനയുടെ ഗുണമേന്മ വർദ്ധിപ്പിക്കുമെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| ഡി) സംയോജനത്തിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ; | (ഡിയും, ഇയും) ഇന്റഗ്രേഷൻ സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം 1.4.2010 വരെ എ.ആർ കേഡറിലുള്ളവർക്ക് ഓപ്ഷൻ നൽകി കേരളാ സിവിൽ പോലീസ് കേഡറിൽ (KCP) അംഗമാകാവുന്നതാണ്. 1.4.2010 ന് ശേഷം |
| ഇ) സീനിയോറിറ്റി സംബന്ധമായ പ്രശ്നങ്ങൾ ഇതിനു തടസ്സമാണെങ്കിൽ അടുത്തിടെ ആംഡ് റിസർവ്വ് ബറ്റാലിയ | |

| | |
|---|---|
| നിൽ പ്രവേശിച്ച ഉദ്യോഗസ്ഥരെ ജനറൽ എക്സിക്യൂട്ടീവിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | എ.ആറിലേയ്ക്ക് വരുന്നവർക്ക് ഓപ്ഷൻ നൽകേണ്ടതില്ല. അവരെ കേരളാ സിവിൽ പോലീസ് കേഡറിന്റെ ഭാഗമായി കണക്കാക്കുന്നതാണ്. സീനിയോറിറ്റി സംബന്ധമായ പ്രശ്നങ്ങൾ ഇതിന് തടസ്സമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ